**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1428** **01-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്ര വീതമാണെന്ന് അറിയിക്കുമോ; | (എ) | കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന പദ്ധതി അടങ്കൽ തുകയുടെ 60 ശതമാനമാണ് കേന്ദ്രവിഹിതമായി ലഭിക്കുന്നത്. ടി അടങ്കൽ തുകയുടെ 40 ശതമാനവും പദ്ധതി നടത്തിപ്പിന് വരുന്ന അധിക ചെലവും സംസ്ഥാനം വഹിക്കുന്നു. നടപ്പ് വർഷം പദ്ധതിക്കുള്ള റിക്കറിംഗ് കേന്ദ്രവിഹിതം 284.3067 കോടി രൂപയാണ്. സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 357.7947 കോടി രൂപയാണ്. ഇതിൽ 163.1547 കോടി രൂപ സംസ്ഥാന മാൻഡേറ്ററി വിഹിതവും 194.64 കോടി രൂപ പദ്ധതിക്കുള്ള സംസ്ഥാന അധിക സഹായവുമാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്രവിഹിതം ലഭിക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | ഒരു വർഷത്തെ കേന്ദ്രവിഹിതം രണ്ട് ഗഡുക്കളായാണ് ലഭിക്കുന്നത്. ആദ്യ ഗഡു കേന്ദ്രവിഹിതം ലഭിക്കുന്നതിന് മുൻവർഷത്തെ ധനവിനിയോഗ പത്രങ്ങളും ടി വർഷം കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ ചെലവഴിച്ചതിന്റെ വിശദമായ സ്റ്റേറ്റ്മെന്റുകളും സമർപ്പിക്കണം. ഭക്ഷ്യധാന്യം വിനിയോഗിച്ചതിന്റെ കണക്കുകൾ സമർപ്പിക്കണം. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പ്രോഗ്രാം അപ്രൂവൽ ബോർഡ് (PAB) നിശ്ചയിക്കുന്ന കേന്ദ്രവിഹിതം, സംസ്ഥാന മാൻഡേറ്ററി വിഹിതം എന്നിവയ്ക്ക് സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേക പ്രൊവിഷൻ ഉണ്ടായിരിക്കണം. രണ്ടാം ഗഡുവിനായി ആദ്യ ഗഡു കേന്ദ്രവിഹിതം ചെലവഴിച്ചതിന്റെ വിശദമായ സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കണം. കൂടാതെ അനുവദിച്ച കേന്ദ്ര, സംസ്ഥാന വിഹിതങ്ങളുടെ 75 ശതമാനം തുക ചെലവഴിച്ചിരിക്കണം. |
| (സി) | പ്രസ്തുത മാനദണ്ഡങ്ങൾ നാളിതുവരെ സംസ്ഥാന സർക്കാർ കൃത്യമായി പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് വീഴ്ച സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്കുള്ള കേന്ദ്രവിഹിതം ലഭിക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങളെല്ലാം നാളിതുവരെ സംസ്ഥാനം കൃത്യമായി പാലിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കേന്ദ്രവിഹിതം വിനിയോഗിച്ചത് സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളും റിപ്പോർട്ടുകളും കൃത്യമായി നൽകിയിട്ടുണ്ടോ; ഏത് കാലയളവ് വരെയുള്ള രേഖകൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ഡി) | 2022-23 വർഷം വരെയുള്ള ധനവിനിയോഗപത്രങ്ങളും റിപ്പോർട്ടുകളും കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നടപ്പ് വർഷത്തെ (2023-24) ആദ്യ ഗഡു കേന്ദ്രവിഹിതം ചെലവഴിച്ചതിന്റെ കണക്കുകളും സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഭാഗം കേന്ദ്രസർക്കാർ റിലീസ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ